പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5777 | 27.10.2011-ൽ മറുപടിക്ക് |

## പ്രവാസി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>,, കെ. അച്ചുതൻ<br>,, സി.പി. മുഹമ്മദ്<br>,, വി.ഡി. സതീശൻ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദേശ തൊഴിൽ അന്വേഷകർക്കും തിരിച്ചെത്തിയ പ്രവാസികൾക്കും ജോലി ലഭിക്കുന്നതിനായി ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ആലോചിക്കുമോ; | (എ) | വിദേശ തൊഴിൽ അന്വേഷകർക്കും തിരിച്ചെത്തിയ പ്രവാസികൾക്കും ജോലി ലഭിക്കുന്നതിനായി നോർക്ക റൂട്ട്സ് ഒരു റിക്രൂട്ട്മെന്റ് ഏജന്റായി പ്രവർത്തിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ ഔദ്യോഗിക റിക്രൂട്ട്മെന്റ് ഏജന്റായി B-549/KER/Com /1000+/05/8760/2011 നമ്പർ പ്രകാരം നോർക്ക റൂട്ട്സിനെ വീണ്ടും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അതു പ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം 16 പേരെ വിദേശ ജോലിക്ക് റിക്രൂട്ട് ചെയ്തിരുന്നു. ഇതിനോടൊപ്പം 56 പേരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ വർഷം കുറഞ്ഞത് 500 പേരെയെങ്കിലും റിക്രൂട്ട് ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനോടൊപ്പംതന്നെ നോർക്ക റൂട്ട്സ് വിദേശ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് 'ജോബ് പോർട്ടൽ' 2010 ഡിസംബർ മാസം ആരംഭിച്ചിട്ടുണ്ട്.<br>www.jobsnorka.gov.in എന്ന ജോബ് പോർട്ടലിൽ ഒരേസമയം ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി സ്വകാര്യ ഏജൻസികളെക്കൂടി ഉൾപ്പെടുത്തി കാര്യക്ഷമമായി റിക്രൂട്ട്മെന്റ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) & (സി) | നോർക്ക റൂട്ട്സിന്റെ റിക്രൂട്ട്മെന്റ് സംവിധാനത്തിൽ സ്വകാര്യ ഏജൻസികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ